നം.എ4/290/2025/എസ്.സി.എൽ

സ്റ്റേറ്റ് ലൈബ്രേറിയന്റെ കാര്യാലയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം

തീയതി: 11-06-2025

E-mail: sl.statelibrary@kerala.gov.in
Phone: 0471-2322895

## നോട്ടീസ്

വർഷങ്ങളായി സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ വളരെയധികം പുസ്തകങ്ങളും ആനുകാലികങ്ങളും അംഗങ്ങൾ യഥാസമയം തിരികെ നൽകാത്തത് ലൈബ്രറിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. മാത്രമല്ല വലിയൊരു സംഖ്യ പിഴസംഖ്യയിനത്തിൽ കുടിശ്ശിക ആവുകയും ആയത് യഥാസമയം ഒടുക്കാത്തതു മൂലം റവന്യു റിക്കവറി നടപടികൾ വരെ സ്വീകരിക്കേണ്ടതായും വരുന്നു. ആയതിനാൽ പിഴ സംഖ്യയിൽ ആകർഷകമായ ഇളവുകൾ അനുവദിച്ചുകൊണ്ട് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ '**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**' നടപ്പിലാക്കുന്നു. ഇതു വഴി റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സുവർണ്ണാവസരമാണ് ലൈബ്രറി അംഗങ്ങൾക്ക് ലഭ്യമാകുന്നത്.

'**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**' പ്രകാരം തങ്ങളുടെ കൈവശമുള്ള സമയപരിധി കഴിഞ്ഞ ലൈബ്രറി പുസ്തകങ്ങളും ആനുകാലികങ്ങളും അംഗങ്ങൾ തിരിച്ചേൽപ്പിച്ച് പിഴയിനത്തിൽ ഇളവുകൾ നേടാവുന്നതാണ്. **ഓവർഡ്യൂ ഇനത്തിൽ ചാർജ്ജ് ചെയ്തിട്ടുള്ള പിഴയിൽ പുസ്തകത്തിന് 80 ശതമാനവും മാഗസിന് 95 ശതമാനവും ഇളവുകൾ നൽകുന്നതായിരിക്കും.** നഷ്ടപ്പെട്ട പുസ്തകത്തിനു പകരം പുതിയ പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ വിപണിയിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ/ആനുകാലികങ്ങൾ എന്നിവയ്ക്ക് സ്റ്റേറ്റ് ലൈബ്രേറിയൻ നിശ്ചയിക്കുന്ന തുക അടയ്ക്കേണ്ടതാണ്. റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്ക് പ്രസ്തുത പദ്ധതി പ്രകാരം പിഴയൊടുക്കി കേസുകൾ തീർപ്പാക്കാവുന്നതാണ്. അത്തരം കേസുകളിന്മേൽ റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കുന്നതിനും റവന്യൂ അധികാരികൾക്ക് അറിയിപ്പു നൽകുന്നതിനും ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്റ്റേറ്റ് ലൈബ്രേറിയൻ സ്വീകരിക്കുന്നതാണ്.

'ഒറ്റത്തവണ തീർപ്പാക്കൽപദ്ധതി' **19/06/2025 മുതൽ 30/09/2025 വരെ (പൊതു അവധി ദിവസങ്ങൾ ഒഴികെ)** നടത്തുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് **2019** കാലയളവ് വരെയുള്ള പുസ്തകങ്ങൾ കൈവശമുള്ള അംഗങ്ങൾക്ക് **രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി** വരെയും **2020** കാലയളവ് മുതലുള്ള പുസ്തകങ്ങൾ കൈവശമുള്ള അംഗങ്ങൾക്ക് **രാവിലെ 8 മണി മുതൽ രാത്രി 7 മണി വരെയും** ലൈബ്രറിയിൽ അപേക്ഷ നൽകാവുന്നതാണ്. സമയപരിധി കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നാളിതുവരെയുള്ള കാലയളവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി മറ്റു നിയമ നടപടികളിൽ നിന്നും ഒഴിവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഒപ്പ്)

സ്റ്റേറ്റ് ലൈബ്രേറിയൻ